(c) Statistics schemes have suffered the highest percentage of cut.

(d) 1. Anjanad Colonisation.
2. Ayurveda College.
3. Medical College.
4. Museums and Zoo.

പ്രൈമറി സ്കൂളുകളിലേയ്ക്കു നിയമനം.

* 1122. [45] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രൈമറിസ്കൂളുകളിലേയ്ക്കുള്ള നിയമനങ്ങളിൽ തിരുവിതാംകൂർ വിഭാഗത്തിൽമാത്രം ഉള്ള മലയാളം ഹയർ പരീക്ഷ പാസ്സായവർക്ക് പ്രത്യേകം സീറ്റുകൾ റിസർവു ചെയ്തിട്ടുണ്ടോ ;

(ബി) ഈ വ്യവസ്ഥകൊണ്ട് പഴയ കൊച്ചിയിലെ അപേക്ഷകന്മാർക്ക് സെലക്ഷൻ കിട്ടുന്നതിനുള്ള സാഹചര്യം കുറഞ്ഞിട്ടുണ്ടോ ;

(സി) ഈ വിധത്തിൽ കുറെ സ്ഥാനങ്ങൾ റിസർവു ചെയ്യുവാനുള്ള തീരുമാനം എടുത്തത് എന്നാണ് ;

(ഡി) അതിനശേഷം പ്രൈമറി സ്കൂളുകളിലേയ്ക്ക് എത്ര നിയമനം നടത്തിയിട്ടുണ്ട് ;

(ഇ) മലയാളം ഹയർ പാസ്സായ എത്രപേർക്ക് ഈ വ്യവസ്ഥയനുസരിച്ചു ജോലി കിട്ടിയിട്ടുണ്ട് ;

(എഫ്) ഇനി അത്തരത്തിൽപ്പെട്ടവർ എത്രപേർ ബാക്കി നിൽപ്പുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്. മലയാളം ഹയർ, തമിഴ് ഹയർ, ശാസ്ത്രി ഈ പരീക്ഷ പാസ്സായിട്ടുള്ളവർക്ക് 30 ശതമാനം ഒഴിവുകൾ റിസർവ്വ് ചെയ്തിട്ടുണ്ട്.

(ബി) ഈ വ്യവസ്ഥകൊണ്ട് പഴയ കൊച്ചിയിലെ മാത്രമല്ല, പഴയ തിരുവിതാംകൂറിലേയും ഇംഗ്ലീഷ് പരീക്ഷായോഗ്യതയുള്ള (എസ്സ്. എസ്സ്. എൽ. സി., ഇ. എസ്സ്. എ. സി. മുതലായ പരീക്ഷായോഗ്യതയുള്ള) അപേക്ഷകർക്കു ജോലി കിട്ടുന്നതിനുള്ള സാഹചര്യം ആനുപാതികമായി കുറഞ്ഞിട്ടുണ്ട്.

(സി) 1952 ആഗസ്റ്റ് 6-ാംതീയതി

(ഡി) 4814.

(ഇ) 1835

(എഫ്) 1598.

Second Five Year Plan.

* 1123. [46] ശ്രീ പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തു് ഏത്ര ജലസേചനപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽനിന്ന് എതെങ്കിലും സ്കീം വെട്ടിച്ചുരുക്കാൻ നിർബന്ധിതമായിട്ടുണ്ടോ;

(സി) നെമ്മാറയിലുള്ള പോത്തുണ്ടി സ്കീം നടപ്പിൽ വരുത്താൻ നടപടി യെടുക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 6 (ആറ്).

(ബി) ആദ്യം ഉൾപ്പെടുത്തിയിരുന്ന ഒൻപതു പദ്ധതികളിൽ നിന്ന് മൂന്നെണ്ണം കുറവ് ചെയ്തിട്ടുണ്ട്.

(സി) പോത്തുണ്ടി സ്കീം ആദ്യം ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്ലാനിംഗ് കമ്മിഷൻ അതിന് അനുവാദം നൽകിയിട്ടില്ല. ആ പദ്ധതിയും രണ്ടാം പഞ്ചവത്സര പദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറ് വീണ്ടും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്ത് ജൂനിയർ ആഫീസർ.

* 1124. [47] ശ്രീ. ആർ. സുഗതൻ: തഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജൂനിയർ ആഫീസർ ജോലിക്ക് കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിനുശേഷം, എത്ര അപേക്ഷകൾ പബ്ലിക് സർവ്വീസ് കമ്മിഷനു ലഭിച്ചു;

(ബി) അതിൽ എത്ര അപേക്ഷകരെ നിയമിച്ചു;

(സി) അപേക്ഷകളെപ്പറ്റി അവസാനതീരുമാനം ചെയ്യുന്നതിനു മുൻപ് പബ്ലിക് സർവ്വീസ് കമ്മിഷൻ അപേക്ഷകരെ ഇൻറർവ്യൂ വിനു ക്ഷണിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഒന്നും ലഭിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

S. R. C. Report.

* 1125. [50] SHRI P. BHASKARAN NAIR: Will the Chief Minister be pleased to state:

(*a*) have the State Government informed the Central Government their views on the formation of Kerala State as outlined in the S. R. C. Report; and

(*b*) if so, what are the points of disagreement with the report?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) Yes.

LIBRARY ARCHIVES Kerala Legislative Assembly